ടെമ്പിളിന് 1985-ൽ 8 സെൻറ് സ്ഥലം ഗവൺമെൻറ് കൊടുക്കുക ഉണ്ടായി. അതിനുശേഷം 1995-ൽ സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷനുവേണ്ടി 12 സെൻറ് സ്ഥലം അതിനടുത്ത് കൊടുക്കുക യുണ്ടായി. ഇതിനകത്ത് ഒരു കാര്യമുള്ളത് ഒരു സർവ്വേ നമ്പരിൽ ധാരാളം സ്ഥലമുണ്ട്. ആ സർവ്വേ നമ്പരിൽ ആദ്യം ഹനുമാൻ ടെമ്പിളിന് കൊടുത്ത 8 സെൻറ് കൂടാതെ പിന്നെയും അവിടെ സ്ഥലമുണ്ട്, ഹനുമാൻ ടെമ്പിളിൻെറ കൈവശമുള്ള ഭൂമിയല്ല സി.എച്ച്. ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടുള്ളത്. ഹനുമാൻ ടെമ്പിളിൻെറ കൈവശമുള്ള, ഉടമസ്ഥതയിലുള്ള ഒരൊറ ഇഞ്ചു ഭൂമി പോലും സി.എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടില്ല. അതിനു പുറത്ത് ആ സർവ്വേ നമ്പരിൽത്തന്നെ കിടക്കുന്ന 12 സെൻറ് സ്ഥലമുണ്ട്. ആ സ്ഥലമാണ് സി. എച്ച്. മുഹമ്മദ്കോയ ഫൗണ്ടേഷന് വേണ്ടി കൊടുത്തിട്ടുള്ളത്. ഇതാണ് വസ്തുത. സംഗതി ഇങ്ങനെയാണെങ്കിലും ഇതേച്ചൊല്ലി ചില സംശയങ്ങളും തെറ്റിദ്ധാരണകളും ആക്ഷേപങ്ങളും ഒക്കെ ഉയർന്നുവന്നിരിക്കുകയാണ്. ആ സ്ഥിതിക്ക് ചില സമരങ്ങളും ഉയർന്നുവന്നിരിക്കുന്ന സ്ഥിതിക്ക് ഇത് ഫ്ളെയർ അപ് ചെയ്യരുതല്ലോ എന്ന് കരുതി, ബന്ധപ്പെട്ട എല്ലാവരെയുംകൂടി വിളിച്ചുകൂട്ടി ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ വ്യക്തമായി പറഞ്ഞു കൊണ്ട് അമിക്കബിളായിട്ടുള്ള ഒരു അണ്ടർസ്റാൻഡിംഗ് ഉണ്ടാക്കു ന്നതിനുവേണ്ടി ഞങ്ങൾ ഇന്നലെ കൂടിയ ക്യാബിനറ്റിൽ വച്ച് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ചീഫ് സെക്രട്ടറി ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാവരെയും വിളിച്ചുവരുത്തി, വസ്തുതകൾ പറഞ്ഞു മനസ്സിലാക്കി ഈ പ്രശ്നത്തിന് രമ്യമായ പരിഹാരം ഉണ്ടാക്കുന്നതാണ്. ഇതാണ് ഈ പ്രശ്നത്തിൽ ഗവൺ മെൻറിനുവേണ്ടി എനിക്ക് ബോധിപ്പിക്കാനുള്ളത്.

(17) തൃപ്പൂണിത്തുറയിലെ സാറ്റലൈറ്റ് ടൗൺഷിപ്പ്

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, തൃപ്പൂണിത്തുറയിൽ സാറ്റലൈറ്റ് ടൗൺഷിപ്പ് സ്ഥാപിക്കാനായിട്ട് ഗവൺമെൻറ് തീരുമാനം എടുത്തിരിക്കുകയാണ്. മുനിസിപ്പൽ അതിർത്തിയിലെയും ഉദയംപേരൂർ പഞ്ചായത്ത് അതിർത്തിയിലെയും അതിനു പറ്റിയ സ്ഥലം കണ്ടെത്തി അത് സ്ഥാപിക്കണമെന്നതാണ് എൻെറ ആവശ്യം. എന്നാൽ അതിനു പകരമായി ഇപ്പോൾ ഗവൺമെൻറ് തീരുമാനിച്ചിരിക്കുന്നത് ഇപ്പോൾ വളരെ നല്ല നിലയിൽ, നാല്പത്തുമേനി വിളയുന്ന കൃഷിസ്ഥലത്തിൻെറ മൂന്നിൽ രണ്ടു ഭാഗവും മൽസ്യത്തൊഴിലാളികളും മൽസ്യം പിടിച്ചു ജീവിക്കുന്ന കായൽനിലങ്ങളും—അത് നികത്താൻ പാടില്ലെന്ന് പരിസ്ഥിതിക്കാർ മുൻപ്തന്നെ നിർദ്ദേശിച്ചിട്ടുള്ളതാണ്— സാറ്റലൈറ്റ് ടൗൺഷിപ്പ് നിർമ്മാണത്തിന് ഏറെടുക്കാനാണ്. പത്ത് നൂറിനാല്പത് പാവപ്പെട്ട കർഷകത്തൊഴിലാളികളും താമസിക്കുന്ന സ്ഥലമാണ് ടൗൺഷിപ്പ് നിർമ്മാണത്തിന് ഗവൺമെൻറ് കണ്ടെത്തിയിരി ക്കുന്നത്. അതുമൂലം പാവപ്പെട്ട കർഷകത്തൊഴിലാളികളെ അവിടെ നിന്നും ഒഴിപ്പിക്കേണ്ട അവസ്ഥയാണ് വരാൻപോകുന്നത്. അതിനെതിരായി ഒരു കമ്മിറ്റി കൂടി; കോൺഫറൻസ് വിളിച്ചുകൂട്ടി അവിടത്തെ റോഡിൻെറ പടിഞ്ഞാറെ ഭാഗം ഈ പദ്ധതി പ്രദേശത്തിൽ ഉൾപ്പെടും. ഇതേ റോഡിൻെറ കിഴക്കേ ഭാഗത്ത് ഇഷ്ടംപോലെ സ്ഥല മുണ്ട്. അവിടെ കൃഷിനഷ്ടമായതുകൊണ്ട് ആ സ്ഥലമൊക്കെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly

നടത്താതെ ഒഴിച്ചിട്ടിരിക്കുകയാണ്. അഞ്ചെട്ടു വർഷക്കാലമായി കൃഷി നഷ്ടമായതുകൊണ്ട് കൃഷിചെയ്യാതെ ഇട്ടിരിക്കുന്ന അനേകം ഏക്കർ സ്ഥലം ആ റോഡിന്റെ കിഴക്കേ ഭാഗത്തുണ്ട്. ആ സ്ഥലം ബന്ധപ്പെട്ടവർ പോയി നോക്കി, അവിടെ ഇത് സ്ഥാപിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം. ടൗൺഷിപ്പ് പടിഞ്ഞാറേ ഭാഗത്തുതന്നെ സ്ഥാപിക്കുന്നതിനായി വേണ്ട സ്ഥലം അളന്നെടുക്കാനായിട്ടുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായപ്പോൾ കർഷകത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളുംകൂടി അവിടെ ഒരു ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് സ്ഥലം അളക്കാൻ ചെന്നവരെ തടസ്സപ്പെടുത്താൻ തുടങ്ങിയിരിക്കുകയാണ്. അതിന്റെ ഫലമായി കഴിഞ്ഞ ഒരു മാസക്കാലമായി അവിടെ നിത്യവും സമരമാണ് നടന്നുകൊണ്ടിരിക്കുന്നത്. പോലീസുകാർ വന്ന് സമരക്കാരെ അറസ്റ്റു ചെയ്തു നീക്കുകയാണ് ചെയ്തുവരുന്നത്. അതുകൊണ്ട് ടൗൺഷിപ്പ് അവിടെത്തന്നെ സ്ഥാപിക്കണമെന്ന കാര്യത്തിൽ അത്ര വലിയ പിടിവാശിയൊന്നും കാണിക്കാതെ, കിഴക്കേ ഭാഗത്തു കിടക്കുന്ന തരിശായ സ്ഥലത്ത് അത് തുടങ്ങുന്നതിനുവേണ്ട നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അങ്ങനെ വന്നാൽ ഭൂമിയുടെ വിലയും വളരെക്കുറച്ച് മാത്രമേ കൊടുക്കേണ്ടിവരൂ. അതുപോലെ ഒരു കുടിയൊഴിപ്പിക്കലിന്റെ ആവശ്യവുമുണ്ടാവുകയില്ല. അതുകൊണ്ട് ആർക്കും ഒരു കുഴപ്പവും സൃഷ്ടിക്കാതെ എല്ലാവിധ ജനവിഭാഗങ്ങളെയും സംരക്ഷിച്ചുകൊണ്ട് അവിടെ വെറുതെ കിടക്കുന്ന സ്ഥലത്ത് ടൗൺഷിപ്പ് തുടങ്ങുന്നതിനുവേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ ഗവൺമെന്റ് ഈ പ്രശ്നം ഒരു തുറന്ന മനസ്സോടുകൂടി ചർച്ച ചെയ്തതാണ്. രാജ്യത്തിന് പൊതുവെ ഗുണകരമായ ഒരു ബൃഹത്തായ പ്രോജക്ടാണ് വരുമ്പോൾ ആ പ്രോജക്ടാണ് സ്ഥാപിക്കുന്നതിനും അത് നടത്തിയെടുക്കാനും ഗവൺമെന്റുമായി സഹകരിക്കാൻ ബഹുമാനപ്പെട്ട രാമകൃഷ്ണൻ തയ്യാറാകണം. ഈ പ്രശ്നം ബഹുമാനപ്പെട്ട രാമകൃഷ്ണൻ വളരെ കാര്യമായി എന്നോട് പറഞ്ഞു. ഞാൻ കളക്ടറുമായിട്ട് കോൺഫറൻസ് നടത്തി. കളക്ടർ മൂന്ന് തവണ എം.എൽ.എ -മാരെയും ജനപ്രതിനിധികളെയും രാഷ്ട്രീയ സംഘടനകളെയുമെല്ലാം വിളിച്ച് കോൺഫറൻസ് നടത്തി. കൊച്ചിയിലെ ഉപഗ്രഹ നഗരത്തിനുവേണ്ടി തൃപ്പൂണിത്തുറയിൽനിന്നും ആയിരം ഏക്കർ സ്ഥലമെടുക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞതനുസരിച്ചുതന്നെ നോട്ടിഫൈ ചെയ്ത 400 ഏക്കർ പൊക്കാളി കൃഷിയുള്ള സ്ഥലം ഉപേക്ഷിച്ചു. പിന്നീട് ആവശ്യപ്പെട്ടത് റോഡിന്റെ മറുവശത്തുള്ള സ്ഥലം എടുക്കണമെന്നാണ്. റോഡിന്റെ മറുവശത്തുള്ള സ്ഥലം അനുയോജ്യമല്ല. ഇനി ബാക്കി കിടക്കുന്ന സ്ഥലമാണ് ഈ ഉപഗ്രഹ നഗരത്തിന് അനുയോജ്യമായിട്ടുള്ളത്. ഈ ഉപഗ്രഹനഗരത്തിൽ തൃപ്പൂണിത്തുറ മേഖലയിലെ പാവപ്പെട്ട ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി സ്ഥലം കണ്ടെത്തിക്കൊടുക്കാമെന്നുപോലും കളക്ടർ പറഞ്ഞിട്ടുണ്ട്. ആ നിലയ്ക്ക് ഇതിൽ ഒരു വിഷമവുമില്ല. രമ്യമായിട്ട് ഈ പ്രശ്നം പരിഹരിക്കാം. ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞ കാര്യങ്ങൾ ഞാൻ മാനിക്കുന്നു. മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിനു താൽപര്യമുണ്ട്. നമുക്ക് ഈ പ്രോജക്ട് മുന്നോട്ടു കൊണ്ടുപോകണം. ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് സഹകരിക്കാം. പക്ഷെ, രാമകൃഷ്ണൻ ഇങ്ങോട്ട് ഗവൺമെൻറിന്റെ കാര്യത്തിലും സഹകരിക്കണം. ഉടനെതന്നെ നമുക്ക് പ്രോജക്ട് നടപ്പിലാക്കണം. അതിനുവേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(18) റവന്യൂ വകുപ്പിലെ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

ശ്രീ. ടി വി. ചന്ദ്രമോഹൻ: സർ, റവന്യൂ ഡിപ്പാർട്ടുമെൻറിൽ കഴിഞ്ഞ രണ്ടര വർഷക്കാലമായി എൽ ഡി. ക്ലാർക്കുമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആയിരത്തിലധികം തസ്തികകൾ ഒഴിഞ്ഞുകിടന്നിട്ടും നിയമനങ്ങളൊന്നും നടത്താത്ത സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. 1991 ഡിസംബറിൽ പി.എസ്.സി. ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചപ്പോൾ എൽ ഡി. ക്ലാർക്കുമാരുടെ സെലക്ഷൻ കഴിഞ്ഞതിനുശേഷം അവരെ ചെയിൻ സർവ്വേ ടെസ്റ്റിനു് അയയ്ക്കുമെന്നാണ് പറഞ്ഞിരുന്നത്. അതിനു് വ്യത്യസ്തമായി 1994-ൽ റവന്യൂ സെക്രട്ടറി പുറപ്പെടുവിച്ച സർക്കുലറിൽ ഇവർ ചെയിൻ സർവ്വേകൂടി പാസാകണമെന്ന നിബന്ധനയുണ്ടാക്കി. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷമായി തസ്തികകളൊന്നും ഫിൽ ചെയ്യാതെ കിടക്കുന്നതുകൊണ്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾ വളരെ വിഷമിക്കുന്നു. അതിനു് അടിയന്തിരമായി നടപടി സ്വീകരിക്കണം. ഈ ചെയിൻ സർവ്വേ നിർബന്ധമല്ല എന്നുള്ള രീതിയിൽ എടുത്താൽ മാത്രമേ ഇവരെ റവന്യൂ ഡിപ്പാർട്ടുമെൻറിൽ പോസ്റ്റ് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ കാര്യത്തിൽ റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നു് അടിയന്തിര നടപടികൾ പ്രതീക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു് ഒരു കാലായ പ്രശ്നമാണ്. എൽ.ഡി.സി.-യുടേയും വില്ലേജ് അസിസ്റ്റൻറിനേയും പോസ്റ്റുകൾ സംയോജിപ്പിച്ചു. അപ്പോൾ എൽ ഡി.സി.-ക്ക് മിനിമം ക്വാളിഫിക്കേഷൻ എസ്.എസ്.എൽ സി. ആയിരുന്നു. വില്ലേജ് അസിസ്റ്റൻറിനാണെങ്കിൽ എസ്.എസ്.എൽ സി.-യും ചെയിൻ സർവ്വേയുമാണ് മിനിമം ക്വാളിഫിക്കേഷൻ. രണ്ടു പോസ്റ്റുകളും സംയോജിപ്പിച്ചപ്പോൾ എടുത്ത തീരുമാനം ഇനിയുള്ള റിക്രൂട്ടുമെൻറിനു് എസ്.എസ്.എൽ.സി.-യും ചെയിൻ സർവ്വേയും വേണമെന്നാണ്. അങ്ങനെ വന്നപ്പോഴുണ്ടായ ബുദ്ധിമുട്ടാണിത്. അതിനു് രമ്യമായ ഒരു പരിഹാരമെന്നുള്ള നിലയിൽ എനിക്ക് തോന്നുന്നത്, ഇപ്പോൾ പി.എസ്.സി. ലിസ്റ്റിൽ വന്നിരിക്കുന്ന ആളുകൾക്ക് ചെയിൻ സർവ്വേ ഇല്ലെങ്കിലും അവരെ അബ്സോർബ് ചെയ്തിട്ട് രണ്ടാമത് അവർ ചെയിൻ സർവ്വേ പാസ്സായിരിക്കണമെന്ന ഒരു നിർദ്ദേശം കൊടുത്തിട്ട് ഒരു കാലയളവിനുള്ളിൽ അവർ ചെയിൻ സർവ്വേയുംകൂടെ പൂർത്തിയാക്കണമെന്നുള്ള കണ്ടീഷനു് വിധേയമായി അവരെ റിക്രൂട്ട് ചെയ്യുന്നതായിരിക്കും ഉത്തമം എന്നാണ്. അതിനുവേണ്ടി ഗവൺമെൻറ് ആവശ്യമായ നടപടികൾ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly